37820

കേരള സർക്കാർ

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

നമ്പർ 19469/ഉപ.സി.2/2012/ഉ.ഭ.പ.വ.

*തീയതി, തിരുവനന്തപുരം, 2012 ഒക്ടോബർ 19.*

# സർക്കുലർ

*വിഷയം:*—1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ—സർക്കാർ ഉദ്യോഗസ്ഥന്മാർ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

*സൂചന:*— 5-10-1983-ലെ സർക്കുലർ നമ്പർ 56998/SSI/83/GAD.

1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ 60-ാം ചട്ടപ്രകാരം ഒരു സർക്കാർ ജീവനക്കാരനും സർക്കാരിന്റെ നയങ്ങളെയോ, സർക്കാർ സ്വീകരിച്ച നടപടികളെയോ പരസ്യമായി വിമർശിക്കുവാനോ ചർച്ച ചെയ്യുവാനോ, അത്തരം ചർച്ചകളിലും വിമർശനങ്ങളിലും ഏതെങ്കിലും രീതിയിൽ പങ്കെടുക്കുവാനോ പാടുള്ളതല്ലെന്ന് നിലവിൽ വ്യവസ്ഥയുണ്ട്. ഇത് സംബന്ധിച്ച് നിരവധി തവണ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പലപ്പോഴും ഇത് പാലിക്കപ്പെടുന്നില്ല എന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയതിനാൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ ഗവൺമെൻറിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തുവാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നു.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**കെ. ജയകുമാർ**
*ചീഫ് സെക്രട്ടറി*

GCPT 3-4439-2012/T.P

[മറുപുറം

Endt. No. E5 - 37820/12 dated 7-12.12

The instructions in the circular should be strictly adhered to

For Director of Social Justice

To

All Heads of Offices

All Section Heads in the Directorate

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

എല്ലാ വകുപ്പ് തലവൻമാർക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് (പത്രമാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിന്).

പൊതുഭരണ (എസ്. സി.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---